ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം - 10

നമ്പർ.113/ഡി1-എസ്റ്റാ/മെഡി/2025/എൻ.സി.സി 04 ജൂൺ 2025

പ്രേക്ഷിതൻ

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

സ്വീകർത്താവ്

എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും - വെബ്സൈറ്റ് മുഖാന്തിരം
യൂണിറ്റുകൾക്കും

സർ,

**വിഷയം : എൻ.സി.സി എസ്റ്റാ -മെഡിസെപ്പ് ഐഡി & സ്പാർക്ക് PEN - മായി മാപ്പിംങ്ങ് ചെയ്യുന്നത് - സംബന്ധിച്ച്.**

സൂചന : (1) ഈ ഡയറക്ടറേറ്റിന്റെ 02.09.2024 തീയതിയിലെ 6861/ഡി1-എസ്റ്റാ ആയുള്ള സർക്കുലർ.

(2) 07.02.2025 തീയതിയിലെ 10/2025/ധന നമ്പർ ധനകാര്യ (ഹെൽത്ത് ഇൻഷ്യറൻസ്) വകുപ്പിന്റെ പരിപത്രം.

(3) ഈ ഡയറക്ടറേറ്റിന്റെ 25.03.2025 തീയതിയിലെ ഇതേ നമ്പർ കത്ത്.

(4) ഈ ഡയറക്ടറേറ്റിന്റെ 03.04.2025 തീയതിയിലെ ഇതേ നമ്പർ കത്ത്.

(5) 16.05.2025 തീയതിയിലെ മെഡിസെപ്പ് സ്റ്റേറ്റ് നോഡൽ സെല്ലിന്റെ ഇ-മെയിൽ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (5) ലെ മെഡിസെപ്പ് സ്റ്റേറ്റ് നോഡൽ സെല്ലിന്റെ ഇ മെയിലിൽ ഈ വകുപ്പിന്റെ മെഡിസെപ്പ് മാപ്പിങ്ങ് പ്രക്രിയയിൽ പുരോഗതിയില്ലെന്നാണ് അറിയിച്ചിരിക്കുന്നത്. ആയതിനാൽ ഈ വകുപ്പ് മെഡിസെപ്പ് മാപ്പിങ്ങ് പൂർത്തീകരിച്ചു എന്ന് ഉറപ്പു വരുത്തി മെഡിസെപ്പ് നോഡൽ സെല്ലിനെ അറിയിക്കുന്നതിനായി എല്ലാ ഡി.ഡി.ഒ മാരും അടിയന്തിരമായി താങ്കളുടെ ഓഫീസിലെ എല്ലാ ജീവനക്കാരുടെയും medisep ID മാപ്പ് ചെയ്ത്, ആയതിന്റെ റിപ്പോർട്ട്, ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളിൽ നൽകേണ്ടതും, ഗ്രൂപ്പ് ഹെഡ്ക്വാട്ടേഴ്സ് ക്രോഡീകരിച്ച് 11.06.2025 -തീയതിക്കു മുൻപായി ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

(വിനീഷ് കെ.എസ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്ക് വേണ്ടി

കെ.എസ്

(32)

Gmail

NCC Directorate <nccjsest@gmail.com>

# മെഡിസെപ് ഐഡി & സ്പാർക്ക് PEN- മായി 'Mapping' ചെയ്യുന്നത് സംബന്ധിച്ച്

1 message

**sncaccounts medisep** <acsmedisepsnc@gmail.com> Fri, May 16, 2025 at 10:16 AM
To: manjusubhash halasyam <manjusubhash.halasyam@gmail.com>
Bcc: nccjsest@gmail.com

സർ/മാഡം,

വിഷയം: മെഡിസെപ് ഐഡി & സ്പാർക്ക് PEN– മായി 'Mapping' ചെയ്യുന്നത് സംബന്ധിച്ച്

ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ് ജീവനക്കാരുടെ മെഡിസെപ് ഐ.ഡി സ്പാർക്ക് സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനു പരിപത്രം 10/2025/ധന തീയതി: 07/02/2025 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഡി.ഡി.ഒ-മാർക്ക് ജീവനക്കാരുടെ മെഡിസെപ് ഐ.ഡി 'Mapping' ചെയ്യുന്നതിനു വേണ്ട ക്രമീകരണങ്ങൾ സ്പാർക്ക് സോഫ്റ്റ്‌വെയറിൽ ചെയ്തിട്ടുണ്ട്. എന്നാൽ താങ്കളുടെ വകുപ്പിലെ ജീവനക്കാരുടെ മെഡിസെപ് 'Mapping' പ്രക്രിയയിൽ പുരോഗതിയില്ലെന്നാണ് ധന(സ്പാർക്ക്) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ നിന്നും മനസിലാക്കാൻ സാധിച്ചത്. 'Mapping' പൂർത്തീകരിക്കാത്ത ഡി.ഡി.ഒ മാർക്ക് വകുപ്പ് തലത്തിൽ നിർദ്ദേശം പുറപ്പെടുവിച്ച് മെയ് 30 നുള്ളിൽ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട സ്പാർക്ക് മുഖേന ശമ്പളം നൽകുന്ന എല്ലാ ജീവനക്കാരുടെയും 'Mapping' പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്ന് അറിയിച്ച് കൊള്ളുന്നു. പരിപത്രം 10/2025/ധന തീയതി: 07/02/2025 അനുബന്ധമായി നൽകുന്നു.

മെഡിസെപ് സ്റ്റേറ്റ് നോഡൽ സെൽ

16/5

Circular.pdf
318K

**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്**

**പരിപത്രം**

**നം.10/2025/ധന** **തിരുവനന്തപുരം, തീയതി: 07/02/2025**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) – ജീവനക്കാരുടെ മെഡിസെപ് ഐ.ഡി. സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്നതിനു ഡി.ഡി.ഒ. -മാർക്കു നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി) നം. 70/2022/ധന തീയതി 23/06/2022
2) സർക്കുലർ നം. 18/2023/ധന തീയതി 17/02/2023

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് സൂചന(1) -ലെ സർക്കാർ ഉത്തരവ് പ്രകാരം 01/07/2022 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഒരു ജീവനക്കാരന് ഒരു മെഡിസെപ് ഐ.ഡി. മാത്രമേ പാടുള്ളുവെന്നും, ജീവനക്കാരൻ പെൻഷണർ ആകുന്ന സാഹചര്യത്തിലും പെൻഷണർ മരണപ്പെട്ടു ആശ്രിതൻ കുടുംബ പെൻഷണർ ആകുന്ന സാഹചര്യത്തിലും മെഡിസെപ് ഐ.ഡി. സ്ഥായിയായിരിക്കണമെന്നും സൂചന (2) സർക്കുലർ മുഖാന്തരം മുൻപ് നിർദ്ദേശം നൽകിയിരുന്നു. ആയത് ഉറപ്പാക്കുന്നതിലേക്കായി ജീവനക്കാരുടെ സ്പാർക്ക് പ്രൊഫൈലിൽ അവരുടെ മെഡിസെപ് ഐ.ഡി. അപ്ഡേറ്റ് ചെയതുകൊണ്ട്, PEN നമ്പറിലേക്ക് മെഡിസെപ് ഐ.ഡി. 'Mapping' ചെയ്യുന്നതിനുള്ള സൗകര്യം ധനകാര്യ(സ്പാർക്ക്) വകുപ്പ് സജ്ജമാക്കിയിരിക്കുന്നു.

സ്പാർക്ക് സംവിധാനത്തിൽ പുതിയതായി പ്രവർത്തനക്ഷമമാക്കിയ 'Update MEDISEP ID in SPARK' ഓപ്ഷനിലൂടെ, ഡി.ഡി.ഒ. -മാർക്ക് ജീവനക്കാരുടെ MEDISEP ID അവരുടെ SPARK പ്രൊഫൈലുകളിൽ അപ്ഡേറ്റ് ചെയ്യുവാനും അനുബന്ധ വിശദാംശങ്ങൾ സ്പാർക്കിൽ കൃത്യമായി പ്രതിഫലിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കുവാനും കഴിയുന്നതാണ്. ഡി.ഡി.ഒ. ലോഗിനിലെ Administration -ൽ ലഭ്യമാക്കിയിരിക്കുന്ന 'Update MEDISEP ID in SPARK' എന്ന മൊഡ്യൂൾ മുഖേനയാണ് ഡി.ഡി.ഒ. -മാർ ജീവനക്കാരുടെ മെഡിസെപ് ഐ.ഡി. അപ്ഡേറ്റ് ചെയ്യേണ്ടത്. ഡി.ഡി.ഒ. Department, Office, DDO code, Bill Type എന്നീ വിവരങ്ങൾ നൽകുമ്പോൾ ബന്ധപ്പെട്ട ജീവനക്കാരുടെ പേര്, PEN, തസ്തിക എന്നിവ ലിസ്റ്റ് ചെയ്യപ്പെടുന്നതും തുടർന്ന് കൃത്യമായ MEDISEP വിവരങ്ങൾ ഉള്ള ജീവനക്കാരുടെ MEDISEP ID അവരുടെ 'Present Service Details' ൽ അപ്ഡേറ്റ് ആകുന്നതുമാണ്. മെഡിസെപ് വിശദാംശങ്ങൾ/ MEDISEP ID എന്നിവ സംബന്ധിച്ച് എന്തെങ്കിലും തെറ്റ് ഉള്ള സാഹചര്യത്തിൽ പ്രത്യേകമായി ഒരു error ലിസ്റ്റും ഡി.ഡി.ഒ. യ്ക്ക് ലഭ്യമാകുന്നതാണ്. ടി പട്ടികയിൽ നിരാകരിക്കുവാൻ ഉണ്ടായ കാരണവും നിരാകരിക്കപ്പെട്ട തീയതിയും വ്യക്തമാകുന്നതാണ്. ആയത് പരിശോധിച്ച് അപാകത പരിഹരിച്ചതിനുശേഷം വീണ്ടും ഇതേ ഓപ്ഷൻ മുഖേന അപ്ഡേറ്റ് ചെയ്യാവുന്നതാണ്. എപ്രകാരമാണ് SPARK -ൽ മെഡിസെപ് ഐ.ഡി. അപ്ഡേറ്റ് ചെയ്യേണ്ടത് എന്നത് സംബന്ധിച്ച ട്യൂട്ടോറിയൽ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. എല്ലാ ഡിഡി.ഒ. -മാരും ജീവനക്കാരുടെ SPARK പ്രൊഫൈലിൽ മെഡിസെപ് ഐ.ഡി. അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

**ബിമൽ ലാൽ റ്റി.എസ്.**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ ഡി.ഡി.ഒ./നോഡൽ ഓഫീസർമാർക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ

സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# STEPS FOR UPDATING MEDISEP ID IN SPARK

*Step 1) DDO login : Administration>> MEDISEP>>update MEDISEP ID in SPARK* **Ref fig:1**





*Fig: 1*

*Step 2) A page will appear in SPARK i.e Mapping the MEDISEP ID with PEN.*
*DDO need to select the Department, Office, DDO code, Bill Type then click on the GO button.* **Ref fig: 2**





**Fig: 2**

**Step 3)** *Employee details pending for MEDISEP ID updating under the selected bill type will be displayed. DDO may select the employee and click on the Fetch MEDISEP ID button . The MEDISEP ID will be successfully updated to SPARK profile .* **Ref fig: 3**




**Fig: 3**



**Step 4)** *DDO can view the list of employees with MEDISEP ID, the option for the same is available in the page. List of failed cases can also be viewed using the button View Error list.* **Ref fig: 4**





**Fig: 4**

**Step 5)** *In the view error list , the details of the employees will be shown which will contain the REASON FOR REJECTION and DATE OF REJECTION IN SPARK . The error may be rectified accordingly and the MEDISEP ID in such cases is to be fetched again.* **Ref fig: 5**





**Fig: 5**

**Step 6)** *If the MEDISEP ID is fetched successfully, then the same will be listed in the employee present service details in SPARK profile* **Ref fig: 6**





**Fig: 6**



***END***

***This tutorial was created on Feb 2025***

# Tutorial Regarding " Mapping of MEDISEP ID to SPARK profile"

*A provision has been enabled in SPARK software for updating MEDISEP ID in employee SPARK profile.*

- ⚠ ***A new feature enabled in SPARK software that allows DDO to conveniently update the MEDISEP ID of the employees directly in their respective SPARK profiles to ensure that the corresponding details are correctly reflected in SPARK.***

- ⚠ ***Employees must verify that their MEDISEP details are accurate and consistent within their SPARK profile, specifically in fields such as NAME, DATE OF BIRTH, and DATE OF RETIREMENT. Any discrepancies could result in failed updates.***

SPARK PMU



This tutorial was created on Feb 2025